**ശ്രദ്ധക്ഷണിക്കൽ**

(1) പൊതുമേഖലയിൽ ഔഷധ നിർമ്മാണ കമ്പനികൾ

ശ്രീ. വി. ഡി. സതീശൻ: സർ, ഔഷധങ്ങളുടെ ഉയർന്ന വിലയും ചികിത്സാ ചെലവും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ദുരിതപൂർണ്ണമായ ഒരു സാഹചര്യത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. വൈദ്യശാസ്ത്ര ധാർമ്മികതയും വ്യക്തി സാമ്പത്തിക താൽപ്പര്യങ്ങളും തമ്മിലുള്ള നിരന്തരമായ സംഘർഷം നമ്മുടെ ആരോഗ്യ മേഖലയെ വളരെയേറെ ചെലവുള്ളതാക്കി മാറ്റിയിരിക്കുകയാണ്. അങ്ങേയറ്റം സ്വകാര്യവൽക്കൃതമായ ആരോഗ്യ പരിപാലന സംവിധാനത്തിൽ വാങ്ങൽ ശേഷി കുറഞ്ഞ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഔഷധങ്ങൾ വാങ്ങാൻ കഴിയുന്നില്ലെന്നുള്ളത് ഗുരുതരമായ ഒരു പ്രശ്നമാണ്. ഉയർന്ന ഔഷധവില എന്നാൽ ചികിത്സാ നിഷേധം എന്നാണ് അർത്ഥം. സുരക്ഷിതമായ ഔഷധ ഉപയോഗവും ജനകീയ സ്വഭാവമുള്ള മരുന്ന് വ്യവസായവും പൊതുജനാരോഗ്യ സംരക്ഷണവും വളരെയേറെ പ്രധാനപ്പെട്ടതാണ്. ഗുണമേന്മയുള്ള ഔഷധങ്ങൾ കുറഞ്ഞ വിലയ്ക്ക് കൊടുക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ഇന്ന് മരുന്ന് വിപണി തീവെട്ടിക്കൊള്ള നടക്കുന്ന മേഖലയാണ്. ചില ടാബ്‌ലറ്റിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ അഞ്ച്

പൈസയാണ്. അഞ്ച് പൈസ ചെലവിൽ നിർമ്മിക്കുന്ന ഒരു മരുന്ന് അഞ്ച് രൂപയ്ക്ക് വിറ്റാൽ നമുക്ക് മനസ്സിലാക്കാം. പക്ഷെ 50 രൂപയ്ക്കാണ് അത് വിൽക്കുന്നതെന്ന് വന്നാലോ; ഇതിനുള്ള ഇടനിലക്കാർ, ഡോക്ടർമാർ, ഫാർമസ്യൂട്ടിക്കൽ കമ്പനികൾ തുടങ്ങിയവർക്ക് മുഴുവൻ കമ്മീഷൻ കൊടുത്ത് അതിന്റെ മുഴുവൻ ഭാരം പാവപ്പെട്ട രോഗികളുടെ തലയിൽ വയ്ക്കുന്നതാണ് ഇതിന് കാരണം. പനി വർദ്ധിച്ചാൽ പനിയുടെ മരുന്നിന്റെ വില മരുന്നു കമ്പനികളെല്ലാം ഉടൻ വർദ്ധിപ്പിക്കും. പട്ടികൾ പെരുകി പട്ടി കടിയേറ്റവർ ആശുപത്രിയിൽ വരുമ്പോൾ ആന്റി റാബീസ് മരുന്നിന് കൃത്രിമമായി വില വർദ്ധിപ്പിക്കും. ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില നിയന്ത്രിക്കാൻ ആർക്കും കഴിയുന്നില്ല. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ കീഴിൽ മരുന്നു വില നിർണ്ണയിച്ചിട്ടുണ്ടെങ്കിൽപ്പോലും അതിൽ നിന്ന് പുറത്തുകടക്കാൻ ഇറാഷണൽ അഡീഷൻ ഓഫ് മോളിക്യൂൾസ്, ആ മോളിക്യൂൾസ് അഡീഷണലായി ചേർത്ത് അതിന്റെ രൂപഘടനയെ മാറ്റി വീണ്ടും വില വർദ്ധിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന തന്ത്രം ഔഷധ കമ്പനികൾ പ്രയോഗിക്കുന്നു. ബഹുരാഷ്ട്ര മരുന്ന് കുത്തകകൾ ചെയ്യുന്ന പരിപാടികൾ, ഔഷധ കുത്തക നിലനിർത്താൻ പേറ്റന്റ് നിയമം പ്രയോഗിക്കുക, അതിനായി ലോകാരോഗ്യ സംഘടന, ലോകാരോഗ്യ ബൗദ്ധിക സ്വത്തവകാശ സംഘടന എന്നീ ഏജൻസികൾ

വഴി മൂന്നാം ലോക രാഷ്ട്രങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുക, മൂന്നാം ലോക രാഷ്ട്രങ്ങളിലെ ഔഷധ കമ്പനികൾ വിലയ്ക്കെടുത്ത് സ്വന്തമാക്കുക, അവശ്യമരുന്നുകൾ അമിതമായ വിലയ്ക്ക് മാർക്കറ്റ് ചെയ്യുക, ആവശ്യമില്ലാത്ത മരുന്നുകൾ പോലും ഡോക്ടർമാരെ പ്രീണിപ്പിച്ചുകൊണ്ട് എഴുതിക്കുക തുടങ്ങിയ അടവുകളും തന്ത്രങ്ങളും ഈ കമ്പനികൾ പ്രയോഗിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 300 കോടി രൂപയുടെ മരുന്നാണ് ശരാശരി ഒരു വർഷം വാങ്ങുന്നത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മുന്നിലെത്തുന്ന ശരാശരി ഇന്റന്റ് 375 കോടി രൂപയുടേതാണ്. 300 കോടി രൂപയുടെ മരുന്ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ സംസ്ഥാനത്ത് വാങ്ങുകയാണ്. നെഗോഷ്യേറ്റ് ചെയ്തും കോംപീറ്റ് ചെയ്തുമൊക്കെയാണ് വാങ്ങിക്കുന്നത്. പക്ഷെ അമിതമായ മരുന്ന് വിലകളാണ് ഈ കമ്പനികൾ ഈടാക്കുന്നത്. കെ.എസ്.ഡി.പി.-യുടെ തകർച്ച നമ്മളെ നിരാശപ്പെടുത്തരുത്. പൊതുമേഖലയിൽ ഒരു മരുന്ന് കമ്പനി തകർന്നുപോയത് നമ്മളെ നിരാശപ്പെടുത്തുന്ന വസ്തുതയാക്കി മാറ്റരുത്. പേറ്റന്റുള്ള മരുന്നുകൾ നമുക്ക് ഉണ്ടാക്കാൻ കഴിയും. നമ്മുടെ സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ തുടങ്ങിയ

സ്ഥലങ്ങളിൽ മാത്രം വിതരണം ചെയ്യാൻ കഴിയുന്ന 25 മുതൽ 50 വരെയുള്ള മരുന്നുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കാൻ കഴിയും. ആഫ്രിക്കൻ രാജ്യങ്ങൾ പോലും സ്വന്തമായി പബ്ലിക് സെക്ടർ കമ്പനികൾ ഉണ്ടാക്കി കുറഞ്ഞ ചെലവിൽ മരുന്ന് ഉൽപ്പാദിപ്പിക്കുകയാണ്, കുറച്ച് മിനിസ്റ്റീരിയൽ സ്റ്റാഫും കുറച്ച് ടെക്നിക്കൽ സ്റ്റാഫും. അതിനുള്ള വിദഗ്ദ്ധ സേവനത്തിന് കേരളത്തിൽ നിന്നുള്ള വിദഗ്ദ്ധന്മാർ പോലും ഈ ആഫ്രിക്കൻ രാജ്യങ്ങളിൽ പോകുകയാണ്. ഡോ. ഇക്ബാലിനെ പോലുള്ള പ്രഗത്ഭരായ ഡോക്ടർമാരെപ്പോലും ഈ മൂന്നാം ലോക രാജ്യങ്ങളിൽ ഉപയോഗിക്കുകയാണ്. മരുന്ന് കമ്പനികളുടെ ഈ ചൂഷണത്തിൽനിന്ന് രക്ഷപ്പെടാൻ അവികസിത രാജ്യങ്ങൾപോലും മറ്റ് പല വഴികളും തേടുകയാണ്. എന്നിട്ടും നമ്മൾ ആ വഴികളിലേയ്ക്ക് പോകുന്നില്ല. മരുന്ന് കമ്പനികളുടെ ഏറ്റവും വലിയ ചൂഷണ ത്തിന്റെ പ്രദേശമായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. ഈ വിദഗ്ദ്ധ സേവനം നമുക്ക് ലഭ്യമാകും. സംസ്ഥാന പൊതുമേഖലയിൽ വളരെ കുറഞ്ഞ ഇൻവെസ്റ്റ്മെന്റ് മാത്രം, വളരെ കുറഞ്ഞ ചെലവ് മാത്രം വരുത്തിക്കൊണ്ട് ഈ മരുന്നുകൾ നമുക്ക് ഉൽപ്പാദിപ്പിക്കാം. ഞാൻ നേരത്തെ പറഞ്ഞതുപോലെ, അഞ്ച് പൈസയ്ക്ക് ഉൽപ്പാദിപ്പിക്കുന്ന ഒരു ടാബ്ലറ്റ് 50 രൂപയ്ക്ക് വിൽക്കുന്ന ഒരു നാട്ടിൽ നമുക്ക് അതുപോലെതന്നെ കുറഞ്ഞ ചെലവിൽ മരുന്ന് ഉൽപ്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക്,

പ്രധാനപ്പെട്ട മരുന്നുകളുടെ വില ഇന്നത്തെ മാർക്കറ്റ് വിലയുടെ അഞ്ചിലൊന്നായി കുറയ്ക്കാൻ കഴിയും. അതോടൊപ്പംതന്നെ നമുക്കൊരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ കൂടി ഉണ്ടാകണം. ഈ തരത്തിൽ ഔഷധ കമ്പനികളുടെ ചൂഷണത്തിന് വിധേയരാകുന്ന മലയാളികളായ രോഗികളെ രക്ഷപ്പെടുത്താൻ.... ഒരു കാലത്ത് കെ.എസ്.ഡി.പി. വിറ്റാമിൻ-എ മരുന്നുവരെ ഉണ്ടാക്കിയിരുന്ന കമ്പനിയാണ്. നമുക്ക് അത് ഉണ്ടാക്കാൻ കഴിയും. അതുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിലെങ്കിലും രണ്ട് മരുന്ന് കമ്പനികൾ പൊതുമേഖലയിൽ തുടങ്ങിക്കൊണ്ട് ഈ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാനത്തെ വ്യവസായ വകുപ്പ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന്റെ സാധ്യതയെക്കുറിച്ച് തീർച്ചയായും പഠിക്കാം. അതിനൊരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് കുഴപ്പമില്ല. കാരണം നിലവിലുള്ള സ്ഥിതിവച്ച് പറയുകയാണെങ്കിൽ ഇപ്പോൾ കെ.എസ്.ഡി.പി...... എന്തുപറഞ്ഞാലും അതിന് മുഴുവനുമുള്ള പരിഹാരമാണ് കെ.എസ്.ഡി.പി. എന്ന് ധരിക്കരുത്. 500 ഇനം മരുന്നുള്ളതിൽ 30-31 ഐറ്റം മാത്രമേ കെ.എസ്.ഡി.പി. ഉണ്ടാക്കുന്നുള്ളൂ. ബഹുമാനപ്പെട്ട ശ്രീ. വി. ഡി.

സതീശന്റെ ശ്രദ്ധക്ഷണിക്കൽ അതിനെ ബേസ് ചെയ്തല്ല. സാങ്കേതികവിദ്യ ഇത്രയും ഡെവലപ് ചെയ്തതുകൊണ്ട് കെ.എസ്.ഡി.പി.-ക്ക് വരുന്ന പ്രൊഡക്ഷൻ കോസ്റ്റില്ലാതെ മരുന്നുകളുണ്ടാക്കാൻ സാധിക്കും എന്നാണ് അദ്ദേഹം പറഞ്ഞത്. പ്രൊഡക്ഷൻ കോസ്റ്റ് അധികമായാൽ മരുന്ന് വാങ്ങാൻ കഴിയില്ല. മരുന്നിന്റെ വിലയും കൂടും. മരുന്നിന്റെ വിലകൂടിയാൽ പൊതുമേഖലയിലാണെന്നു പറഞ്ഞിട്ട് കാര്യമുണ്ടോ; പൊതുമേഖയിലുണ്ടാക്കിയാലും വില കൂടാൻ പാടില്ല. മരുന്നിന്റെ വില കൂടിയാൽ അത് ജനങ്ങളെ ബാധിക്കുമെന്നുള്ള പ്രശ്നമുണ്ട്. ശ്രീ. വി. ഡി. സതീശൻ അദ്ദേഹത്തിന്റെ ശ്രദ്ധിക്ഷണിക്കൽ പ്രമേയത്തിൽ പറയുന്നത്, ഇപ്പോൾ സാങ്കേതികവിദ്യ ഡെവലപ് ചെയ്തിരിക്കുന്നതുകൊണ്ട് വലിയ ഇൻവെസ്റ്റ്മെന്റ് ഒന്നുമില്ലാതെ പൊതുമേഖലയിൽത്തന്നെ സിംപിളായി ഉണ്ടാക്കാൻ കഴിയുമെന്നാണ്. കെ.എസ്.ഡി.പി.-യുടെ കാര്യമാണെങ്കിൽ കെ.എസ്.ഡി.പി.-ക്ക് കുറച്ചുകൂടിയൊക്കെ കപ്പാസിറ്റിയുണ്ട്. കുറച്ചുകൂടി പണം കൊടുത്താൽ കുറച്ചുകൂടി യൊക്കെ ഉണ്ടാക്കാം, ഫീസിബിളായി കൊണ്ടുപോകാം. ഇപ്പോൾ 6 കോടി രൂപയോളം ഗവൺമെന്റിൽനിന്ന് കിട്ടാനുണ്ട്. അടുത്ത പ്ലാന്റ് വർക്ക് ചെയ്യിപ്പിക്കാനുള്ള ശ്രമത്തിലാണ്. അതിന് ഫണ്ട് കൊടുത്തുകഴിഞ്ഞാൽ കുറച്ചുകൂടി.... പക്ഷേ അവിടെയുണ്ടാക്കുന്ന മരുന്ന് 500-ൽ 29 ഐറ്റം മാത്രമാണ്.

അത്രയുള്ള മരുന്നുകളേയുള്ളൂ. ഇഞ്ചക്ഷൻ മരുന്ന് ഉണ്ടാക്കാനുള്ള ഒരു പരിപാടി ഇപ്പോഴുണ്ട്. അതുകൊണ്ട് ഈ പറഞ്ഞ പ്രശ്നം പരിഹരിക്കില്ല. ഈ പ്രശ്നം പരിഹരിക്കണം എന്നുണ്ടെങ്കിൽ പൊതുമേഖലയിൽ കുറച്ചുകൂടി മരുന്നുകമ്പനികൾ വേണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്നത്. അതിന്റെ ഫീസിബിലിറ്റി പരിശോധിക്കാം. ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി കൺസൾട്ട് ചെയ്തപ്പോൾ 500 തരം മരുന്നുകൾ വാങ്ങുന്നുണ്ടെന്നും അവയൊക്കെ കോംപറ്റീഷനിൽ വിലകുറച്ച് കിട്ടുന്നുണ്ടെന്നുമാണ് അവർ പറയുന്നത്. അത് കേരളത്തിൽ ഉണ്ടാക്കാൻ നോക്കിയാൽ പ്രൊഡക്ഷൻ കോസ്റ്റും മരുന്നിന്റെ വിലയും കൂടും. മരുന്നിന്റെ വിലകൂടുന്നത് തീരെ നല്ല കാര്യമല്ല. പക്ഷേ ശ്രീ. വി. ഡി. സതീശൻ പറയുന്നത് അതല്ല. സാങ്കേതികവിദ്യ വളർന്നതുകൊണ്ട് വലിയ ചെലവില്ലാതെ ഇപ്പോഴത്തെ കണ്ടീഷനിൽ പൊതുമേഖലയിൽ തന്നെ ലോകം മുഴുവൻ പല മരുന്നുകളും ഉണ്ടാക്കുന്നുണ്ട് എന്നാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അതിന് കെ.എസ്.ഡി.പി.-യെ ഉപയോഗപ്പെടുത്തിക്കൂടെ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കെ.എസ്.ഡി.പി.-യെ ഉപയോഗപ്പെടുത്താം. അതിനുപുറമേ സാധ്യതയുണ്ടോ എന്നുള്ളത് സംബന്ധിച്ച്

ഫീസിബിലിറ്റി സ്റ്റഡി നടത്താമെന്നാണ് ഞാൻ പറയുന്നത്. അതിനൊരു ഏജൻസിയെ നിയോഗിക്കാം. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലയിൽ കൂടുതൽ മരുന്ന് ഉണ്ടാക്കാൻ പറ്റുമോ എന്നത് ആലോചിക്കാം. വ്യവസായ വകുപ്പിന്റെ കീഴിൽ പല ഏജൻസികളുമുണ്ട്. അവരെ ചുമതലപ്പെടുത്തി പഠനം നടത്താം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് യഥാർത്ഥത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, മൂന്നാം ലോക രാജ്യങ്ങളിൽ, നമ്മുടെയത്ര വികസിക്കാത്ത രാജ്യങ്ങൾപോലും ഇത്തരം ചെറിയ ചെറിയ മരുന്നുകമ്പനികൾ ഉണ്ടാകുന്നുണ്ട്. അതൊരു തുടക്കമാകണം. ലോകവ്യാപകമായി, ജനകീയ ഔഷധ നയത്തിന്റെ ഭാഗമായി ഒരു വലിയ ചെറുത്തുനിൽപ്പ് ഫാർമസ്യൂട്ടിക്കൽ കമ്പനികൾ നടത്തുന്ന തീവെട്ടിക്കൊള്ളയ്ക്ക് എതിരായി നടത്തുന്നുണ്ട്. ഇതൊരു വലിയ ലോബിയാണ്. ആ ലോബിയുടെ ചൂഷണത്തിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയുള്ള ജനകീയമായ ചെറുത്തുനിൽപ്പിന്റെ ഭാഗമായി ലോകംമുഴുവൻ ഒന്നിക്കുന്ന സമയത്ത്, ഏറ്റവും കൂടുതൽ ജനകീയമായ ഒരു ആരോഗ്യനയം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനമെന്ന് അഭിമാനിക്കുന്ന കേരളത്തിൽ അതിന് പിന്തുണയുമായി പൊതുമേഖലയിൽ ഇത്തരമൊരു വ്യവസായം തുടങ്ങുവാൻ തയ്യാറാകുമോ എന്നുള്ളതാണ് എന്റെ

ചോദ്യം?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഇതുസംബന്ധിച്ച് ഒരു പഠനം നടത്തി ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ളത് കെ.എസ്.ഡി.പി.-യാണ്. കെ.എസ്.ഡി.പി.-യെക്കുറിച്ച്, അവിടെ മരുന്നുകൾ കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന കാര്യത്തെക്കുറിച്ചൊക്കെ നിരവധിയായ ചർച്ചകൾ വന്നു. സംസ്ഥാനത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങിയാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. അതിൽ കെ.എസ്.ഡി.പി.-യിൽനിന്ന് മരുന്ന് വാങ്ങുന്നതിനുള്ള തീരുമാനം നമ്മളെടുത്തു. ആ വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചു ചേർത്തു. 31 ഇനം മരുന്നുകളാണ് കെ.എസ്.ഡി.പി. നൽകാമെന്ന് പറഞ്ഞത്. അതിൽ 29 ഐറ്റം മരുന്നുകൾ നമ്മളിപ്പോൾ വാങ്ങുന്നുണ്ട്. അതിൽ രണ്ട് ഐറ്റം മരുന്നുകൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തി. അവർക്ക് കൊടുക്കാനുള്ള കാശ് ഈ വർഷംതന്നെ 19.54 കോടി രൂപ കൊടുത്തിട്ടുണ്ട്. ബാക്കി കുറച്ചു തുകകൂടി കൊടുക്കാനുണ്ട്. അത് ഉടൻതന്നെ കൊടുക്കുന്നതാണ്. ഏറ്റവും

പ്രധാനപ്പെട്ടൊരു കാര്യമാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. വളരെയധികം മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് സമഗ്രമായ പദ്ധതി കേരളത്തിൽ ഇന്ന് നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകുന്നുണ്ട്. ആധുനിക മരുന്നുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനെക്കുറിച്ച് പഠിച്ച് ഒരു റിപ്പോർട്ട് ലഭ്യമായാൽ അത് ആലോചിക്കേണ്ടത് ആവശ്യമാണ്. ഈ ഗവൺമെന്റ് 2012 നവംബർ 1 മുതൽ 494 ഐറ്റം മരുന്നുകൾ കേരളത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നു. 750 കോടിയോളം രൂപയുടെ മരുന്ന് നമ്മൾ ഇതുവരെ വാങ്ങി സൗജന്യമായി നൽകി. ഏകദേശം 7,900 ഐറ്റം ബ്രാന്റഡ് മരുന്നുകൾ കാരുണ്യ ഫാർമസിയിലൂടെ കൊടുക്കുന്നുണ്ട്. അതുലപരിയായി മറ്റ് ചികിത്സാ സൗജന്യ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം മാർക്കറ്റ് ഇന്റർവെൻഷൻ വളരെ ഇഫക്റ്റീവായി നടത്തിക്കൊണ്ട് മുന്നോട്ടു പോകുന്നുണ്ട്. പക്ഷേ ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകണം എന്നുണ്ടെങ്കിൽ ഈ കാര്യത്തെക്കുറിച്ച് പഠിച്ചതിനുശേഷം ഒരു തീരുമാനം എടുക്കണം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത് ഗുരുതരമായ പ്രശ്നമാണ്. കേരളത്തിലെ ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു റോളുമില്ല. ഹെൽത്ത്

ഡിപ്പാർട്ടുമെന്റിന് ഒന്നും ചെയ്യാൻ പറ്റുന്നില്ല. എല്ലാ രോഗികളും കഷ്ടപ്പെടുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞു കഴിഞ്ഞു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കെ.എസ്.ഡി.പി.-യിൽനിന്നുള്ള മരുന്ന് വാങ്ങുന്നുണ്ട്. 31 ഐറ്റം ഉള്ളതിൽ 29 ഐറ്റം മരുന്നുകൾ വാങ്ങുന്നുണ്ട്. രണ്ട് ഐറ്റം മരുന്ന് കരിമ്പട്ടികയിലുള്ളതുകൊണ്ട് വാങ്ങുന്നില്ല എന്നതേയുള്ളൂ. ബാക്കി മുഴുവൻ മരുന്നുകളും ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ അവിടെനിന്ന് വാങ്ങുന്നതാണ്.

## (2) ജയിലുകളിലെ തടവുകാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എ. കെ. ബാലൻ: സർ, വളരെ പ്രധാനപ്പെട്ട ശ്രദ്ധക്ഷണിക്കലാണ് ഇത്. ബഹുമാനപ്പെട്ട സ്പീക്കർ ഇത് പ്രത്യേകിച്ച് ശ്രദ്ധിക്കുകയും വേണം. സംസ്ഥാനത്ത് ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച് ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചെയർമാനായിട്ടുള്ള എസ്റ്റിമേറ്റ് കമ്മിറ്റി തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകൾ സന്ദർശിക്കുകയും സമിതിയുടെ കണ്ടെത്തലുകൾ 2014 ഡിസംബർ 18-ന് സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. അതുപോലെ കേരളത്തിലെ ജയിലുകളിലെ തടവുകാരുടെ വേതന നിരക്കും 1948-ലെ മിനിമം വേജസ് ആക്റ്റ് പ്രകാരമുള്ള കുറഞ്ഞ വേതന നിരക്കും തമ്മിലുള്ള ഒരു താരതമ്യ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഇപ്പോഴത്തെ ഡി.ജി.പി. ശ്രീ. ടി. പി. സെൻകുമാർ ജയിൽ

ഡി.ജി.പി. ആയിരുന്ന സമയത്ത് തിരുവനന്തപുരം സെൻട്രൽ ജയിലിലെ വെൽഫെയർ ഓഫീസർ ശ്രീ. എം. വി. അനീഷ് കുമാറിനെ നിയമിച്ചിരുന്നു. ഈ രണ്ട് റിപ്പോർട്ടുകളും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ രണ്ട് പ്രധാന റിപ്പോർട്ടുകളും നിലവിൽ ജയിലുകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിട്ടുള്ളതാണ്. ഈ പ്രശ്നങ്ങളിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

5,000 തടവുകാരെ പാർപ്പിക്കാൻ സൗകര്യമുള്ള തിരുവനന്തപുരം സെൻട്രൽ ജയിലിൽ 7,500 പേരെയാണ് പാർപ്പിച്ചിട്ടുള്ളത്. 523 പേരെ പാർപ്പിക്കാൻ സൗകര്യമുള്ള വിയ്യൂർ സെൻട്രൽ ജയിലിൽ 670 പേരെയാണ് പാർപ്പിച്ചിരിക്കുന്നത്. ജില്ലാ ജയിലുകളിലും സബ്ജയിലുകളിലും ഏതാണ്ട് ഇതുതന്നെയാണ് സ്ഥിതി. തടവുകാരുടെ വർദ്ധനവിനനുസരിച്ച് ഉള്ള സ്ഥലങ്ങളിൽ കുത്തിനിറയ്ക്കുന്നതിന് പകരം പുതിയ ബ്ലോക്കുകൾ നിർമ്മിക്കണം. നിലവിലുള്ള ബ്ലോക്കുകൾ തന്നെ കാലപ്പഴക്കംകൊണ്ട് തകർന്നവയും വാർഷിക അറ്റകുറ്റപ്പണികൾ നടത്താത്തതുമാണ്. അടുക്കള, ബാത്ത്റൂമുകൾ എന്നിവ വളരെ ശോചനീയമായ അവസ്ഥയിലാണ്. ഇതിന് മാറ്റം വരണം. അതുപോലെ ജയിൽ ആസ്ഥാനത്ത് എഞ്ചിനീയറിംഗ്, ആർക്കിടെക്റ്റ് വിഭാഗങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജയിലുകളിലെ ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കണം. അവിടെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരില്ല. തടവുകാർക്ക് മരുന്ന് വാങ്ങുന്നതിന് ദിവസേന അനുവദിക്കുന്നത് 500 രൂപയാണ്. ഇത് മാറ്റണം. ആവശ്യാനുസരണം മരുന്നുകൾ ലഭ്യാമാക്കാൻ നടപടി സ്വീകരിക്കണം. ഞങ്ങൾ അവിടെ പോയ സമയത്ത് പല രോഗികൾക്കും കൃത്യമായി മരുന്ന് കിട്ടുന്നില്ല എന്ന് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടുത്തിയിരുന്നു. സാംക്രമിക രോഗമുള്ളവർ, മാനസിക രോഗമുള്ളവർ എന്നിവർക്ക് പ്രത്യേക പരിചരണവും താമസസൗകര്യവും ചികിത്സയും ഏർപ്പെടുത്തണം. ഇവരെ എല്ലാവരെയും ഇപ്പോൾ ഒരു ബ്ലോക്കിലാണ് താമസിപ്പിക്കുന്നത്. ശിക്ഷ പൂർത്തിയാക്കുന്നവർക്കും മാനസികരോഗത്തിൽനിന്ന് മോചനം നേടുന്നവർക്കും പുനരധിവാസത്തിന് പ്രത്യേക നടപടികൾ സ്വീകരിക്കണം. വിചാരണയ്ക്ക് പുറത്തുകൊണ്ടുപോകുന്ന തടവുകാർക്ക് ഭക്ഷണത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. നിലവിൽ 35 രൂപയാണ് ഒരു ദിവസത്തേയ്ക്ക് അനുവദിക്കുന്നത്. തടവുകാരുടെ വർദ്ധനവിനനുസരിച്ച് ജയിൽ വാർഡൻമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നില്ല. തടവുകാരും ജീവനക്കാരും തമ്മിലുള്ള സ്റ്റാഫ് പാറ്റേൺ ഉദയഭാനു കമ്മീഷൻ പ്രകാരം 1:6 ആണ്, എന്നാൽ നിലവിലുള്ളത് 1:18 ആണ്. പല ജയിലുകളിലും ഓഫീസ് ജീവനക്കാർ ഇല്ല. 18 തടവുകാർക്ക് ഒരു ജയിലർ

ആണുള്ളത്. തടവുകാരെക്കൊണ്ട് പണിയെടുപ്പിക്കുന്നതിന് ഇപ്പോൾ മാന്യമായ വേതനം നൽകുന്നില്ല. കൃഷി ചെയ്യുക, ഭക്ഷണസാധനങ്ങൾ ഉണ്ടാക്കി വിൽക്കുക തുടങ്ങി പലവിധ ജോലികൾ ചെയ്യുന്ന ജയിലിലുള്ളവരുടെ വരുമാനം പരിപൂർണ്ണമായും ജയിൽ വകുപ്പിനാണ് കിട്ടുന്നത്. 21 രൂപ മുതൽ 117 രൂപ വരെയാണ് തടവുകാർക്ക് ലഭിക്കുന്ന വേതനം. മിനിമം വേതനം കിട്ടുന്നില്ല. മരപ്പണി, കൊല്ലപ്പണി തുടങ്ങിയ കഠിന പണികൾക്കുപോലും 30 രൂപയാണ് ശമ്പളം. ഇത് അടിയന്തരമായി സർക്കാർ പരിഷ്കരിക്കണം. ജയിലുകളിൽ പ്രവർത്തിച്ചു വരുന്ന വിവിധ ഉൽപ്പാദന യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് തടവുകാർക്ക് പരിശീലനം നൽകണം. തടവുകാർ പുറത്തുപോയി വരുമ്പോൾ മയക്കുമരുന്നുകൾ അടക്കം കൊണ്ടുവരുന്നത് പിടിക്കപ്പെടുന്നതിനും തടയുന്നതിനും ജയിലുകളിൽ സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തണം. ജയിൽ രേഖകൾ നശിച്ചു പോകാതിരിക്കാൻ റിക്കാർഡുകൾ ഡിജിറ്റലൈസേഷൻ നടത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഒരു പ്രധാന പ്രശ്നം ഞാൻ സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നു. പ്രവാസികൾക്ക് വരെ വോട്ട് അവകാശം ഏർപ്പെടുത്താൻ തീരുമാനിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ ജയിലുകൾക്കുള്ളിലെ തടവുകാർക്ക് വോട്ട് അവകാശം നൽകുന്നതിനെക്കുറിച്ച് എന്തുകൊണ്ട് നമുക്ക്

ചിന്തിച്ചു കൂടാ? ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കണം. ഇതാണ് എന്റെ സബ്മിഷന്റെ പ്രധാനപ്പെട്ട ആവശ്യം. ഇതു മാനുഷിക പരിഗണന വച്ചുകൊണ്ട് അങ്ങ് പരിഗണിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ എ. കെ. ബാലൻ വളരെ പ്രധാനപ്പെട്ട കാര്യമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. കേരളത്തിലെ ജയിലുകളിൽ ഇന്ന് ആളുകളുടെ എണ്ണം കൂടുതലാണ് എന്നുള്ളത് ശരിയാണ്. സത്യത്തിൽ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത് 10 വർഷം കഴിഞ്ഞ തടവുകാരെ മോചിപ്പിക്കുക എന്നുള്ളതാണ്. ഞങ്ങൾ അതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചു വന്നപ്പോഴാണ് സുപ്രീം കോടതിയുടെ സ്റ്റേ നിലവിൽ വന്നത്. രാജീവ് ഗാന്ധി വധക്കേസ്സിൽ തമിഴ്നാട് ഗവൺമെന്റ് പ്രതികളെ മോചിപ്പിക്കാൻ മുന്നോട്ടു വന്നപ്പോൾ സുപ്രീം കോടതി അത് സ്റ്റേ ചെയ്യുകയുണ്ടായി. കഴിഞ്ഞ ദിവസം അതുമായി ബന്ധപ്പെട്ട ചർച്ച കോടതിയിൽ വരികയുണ്ടായി, പക്ഷെ അതിൽ തീരുമാനം ഉണ്ടായിട്ടില്ല. കേരള ഗവൺമെന്റിനോടും അതിൽ കക്ഷിചേരാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെ യാണെങ്കിൽ പത്ത് വർഷത്തിൽ കൂടുതൽ തടവുശിക്ഷ അനുഭവിച്ച ആളുകളെ മാനുഷിക പരിഗണന വച്ചുകൊണ്ട് വിടാൻ ഗവൺമെന്റ് ഒരുക്കമാണ്, ഗവൺമെന്റ്

അതിന് തയ്യാറുമാണ്. സുപ്രീംകോടതി വിധി വന്നതിന്റെ വെളിച്ചത്തിലാണ് വിടാൻ കഴിയാതെയിരിക്കുന്നത്. കേരളത്തിലെ ജയിലുകളിലെ അംഗീകൃത പാർപ്പിടശേഷി 6217 ആണ്, എന്നാൽ 7000-ത്തിലധികം തടവുകാരെ ഇപ്പോൾ പാർപ്പിക്കേണ്ടി യിരിക്കുകയാണ്. അതീവ സുരക്ഷാ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മുട്ടം, ജില്ലാ ജയിൽ പാലക്കാട്, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട എന്നീ ജയിലുകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ 1443 പേരെക്കൂടി പാർപ്പിക്കാൻ സാധിക്കും. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാകുന്ന തോടുകൂടി സ്ഥലസൗകര്യത്തിന്റെ അപര്യാപ്തത പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. അടുത്ത സമയത്ത് ജയിൽ റൂൾസിൽ ഭേദഗതി വരുത്തി. ഞാൻ തന്നെ സബ്ജക്ട് കമ്മിറ്റിയിൽ ഇത് കൊണ്ടുവന്നു, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭാ സമിതിയുടെ ശിപാർശ പരിഗണിച്ചുകൊണ്ട് ജയിൽ റൂൾസുമായി ബന്ധപ്പെട്ട് പുതിയ റൂൾസ് നിലവിൽ വരികയുണ്ടായി. അതിനുശേഷം ധാരാളം മാറ്റങ്ങൾ ഈ രംഗത്ത് ഉണ്ടാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് സെൻട്രൽ ജയിൽ, രണ്ട് തുറന്ന ജയിൽ, കോഴിക്കോട്, കൊല്ലം ജില്ലാ ജയിലുകളിലൊക്കെ മെഡിക്കൽ ഓഫീസർമാരുടെ തസ്തിക നിലവിൽ ഉണ്ട്. മറ്റു ജയിലുകളിൽ അതാത് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ പോയി ആഴ്ചയിൽ

ഒരിക്കൽ പരിശോധനകൾ നടത്താറുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ തടവുകാരെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് കൊണ്ടുപോകാറുണ്ട്. ഗുരുതരമായ രോഗങ്ങൾ പിടിപെട്ട തടവുകാരെ മെഡിക്കൽ ഓഫീസർമാർ നിർദ്ദേശിക്കുന്നതുപ്രകാരം താലൂക്ക് ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും ആവശ്യമാണെങ്കിൽ മെഡിക്കൽ കോളേജുകളിലും, കാൻസർ സെന്റർ തുടങ്ങിയ ആശുപത്രികളിലും അയച്ച് ചികിത്സ നൽകിവരുന്നു. മാനസിക രോഗികളായ തടവുകാരെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ അയച്ച് ചികിത്സിക്കുന്നുണ്ട്. എല്ലാ തടവുകാരേയും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. റിമാന്റ് പ്രതികൾ ഉൾപ്പെടെയുള്ളവരെ കോടതിയിൽ കൊണ്ടു പോകാൻ പ്രതിദിനം 3000-ത്തോളം പോലീസുകാരുടെ സേവനമാണ് വേണ്ടി വരുന്നത്. ജയിലുകളിൽ ക്യാമറകൾ സ്ഥാപിച്ചുകൊണ്ട് കോടതിയുമായി നേരിട്ട് ബന്ധം പുലർത്തി വിചാരണ നടത്താനുള്ള നടപടി ഇപ്പോൾ തിരുവനന്തപുരം, വിയ്യൂർ എന്നീ ജയിലുകളിൽ ആരംഭിച്ചിട്ടുണ്ട്. അത് ഫലപ്രദമാകുകയാണെങ്കിൽ തടവുകാരായ ആളുകളെ കോടതിയിൽ കൊണ്ടുപോകുന്ന ശ്രമകരമായ ജോലിക്ക് പരിഹാരം കണ്ടെത്താൻ കഴിയും. തടവുകാർക്ക് വിവിധ നിരക്കിൽ അവർ ചെയ്യുന്ന ജോലിക്ക് അനുസരിച്ച്

കൂലി നൽകി വരുന്നുണ്ട്. നിലവിലെ കൂലി പരിഷ്കരിക്കുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിക്കുകയാണ്. ഉടൻ തന്നെ ആ കാര്യത്തിൽ ഒരു തീരുമാനം എടുക്കും. തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ തൊഴിൽ പരിശീലനവും, തൊഴിലും ജയിലുകളിൽ നൽകി വരുന്നുണ്ട്. കാർപെന്ററി, സ്മിത്തി, വീവിംഗ്, ടെയിലറിംഗ്, സോപ്പ് നിർമ്മാണം, കെട്ടിട നിർമ്മാണം, ഡയറിഫാം, ഇഷ്ടിക നിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലകളിൽ തടവുകാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ പ്ലംബിംഗ് ആൻഡ് സാനിറ്ററി വർക്ക്സ്, ഇലക്ട്രിക്കൽ വർക്സ്, ബ്യൂട്ടീഷൻ കോഴ്സ്, ഡ്രൈവിംഗ്, തെങ്ങ് കയറ്റം, പാചകം, ആഭരണ നിർമ്മാണം, ഹൈടെക് ഫാമിംഗ്, കമ്പ്യൂട്ടർ, കുട നിർമ്മാണം തുടങ്ങിയ വിവിധ തൊഴിൽ പരിശീലനത്തിനും ഇപ്പോൾ സൗകര്യമൊരുക്കിക്കൊടുക്കുകയാണ്. ജയിൽ എന്നു പറയുന്നത് ഇപ്പോൾ കറക്ഷണൽ സർവ്വീസാണ്. ജയിലിൽ വരുന്ന ആളുകളെ നല്ല പൗരന്മാരാക്കി സമൂഹത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലാണ് ഇപ്പോൾ ജയിലുകളുടെ പ്രവർത്തനം മുന്നോട്ട് പോകുന്നത്. കുറ്റവാളികളായി വരുന്ന ആളുകൾ വീണ്ടും സമൂഹത്തിൽ കുറ്റവാളികളായി മാറാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ

ജയിൽപ്പുള്ളികളുടെ പൗരാവകാശങ്ങളേയും അവരുടെ ന്യായമായ അവകാശങ്ങളേയും സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധ കാണിക്കുന്നുണ്ട്. മനുഷ്യാവകാശ ലംഘനങ്ങൾ ജയിലിൽ ഉണ്ടാകാതിരിക്കാനുള്ള പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അത് പരിപാലിച്ചു പോരുന്നുമുണ്ട്. ജയിലിലെ വേക്കൻസികളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഏതാണ്ട് 1000-ത്തോളം വേക്കൻസികൾ ജയിൽ വകുപ്പിൽ ഉണ്ടായിരുന്നു. ഇപ്പോൾ പി.എസ്.സി.-യുമായി സംസാരിച്ച്, പി.എസ്.സി. റിക്രൂട്ട്മെന്റ് കഴിഞ്ഞ ആളുകൾക്ക് വിവിധ സ്ഥലങ്ങളിൽ ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുകയാണ്. മൂന്ന് മാസത്തിനുള്ളിൽ നിലവിലുള്ള എല്ലാ വേക്കൻസികളിലേയ്ക്കും ട്രെയിനിംഗ് പൂർത്തിയായി ആളുകൾ ജോയിൻ ചെയ്യും. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതോടെ ഭക്ഷണക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. പണ്ട് 10 രൂപ, 20 രൂപ ആയിരുന്നു. സ്പെഷ്യൽ റൂൾസ് ഭേദഗതിയോടു കൂടി അവർക്ക് കോടതിയിൽ കൊണ്ടുപോകുമ്പോഴും, ജയിലിനകത്ത് ഭക്ഷണം കൊടുക്കുന്ന കാര്യത്തിലും കാലോചിതമായ മാറ്റം വരുത്തിയിട്ടുണ്ട്. നമ്മുടെ ജയിലുകളിൽ തടവുപുള്ളികൾക്ക് കാര്യമായ പരാതികളില്ല, കാരണം മെച്ചപ്പെട്ട ഭക്ഷണം നൽകുന്നുണ്ട്. തിരുവനന്തപുരം, കണ്ണൂർ ജയിലുകളിലെ ചപ്പാത്തി നിർമ്മാണത്തിനും അവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളും.....

ജയിലുകളിൽ ഉല്പാദിപ്പിക്കുന്ന ചപ്പാത്തിയും, വെജിറ്റബിൾ കറിയും, ചിക്കൻ കറിയുമൊക്കെ മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം നഗരത്തിലെ വിലക്കയറ്റം തടയാൻ വേണ്ടി വിലകുറച്ച് വിതരണം ചെയ്യുന്നുണ്ട്. "നോ പ്രോഫിറ്റ് നോ ലോസ് " എന്ന നിലയിൽ പോകാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇതിൽ നിന്നും നല്ല വരുമാനം ലഭിക്കുന്നുണ്ട്, ആ വരുമാനം സംസ്ഥാന ഗവൺമെന്റിന് മുതൽക്കൂട്ടാകുന്നുണ്ട്. തീർച്ചയായും അവരുടെ വേതനം പരിഷ്കരിക്കുന്ന കാര്യം ഗവൺമെന്റ് അടിയന്തരമായി പരിഗണിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട അങ്ങ് വളരെ പോസിറ്റീവായിട്ടാണ് റിപ്ലൈ തന്നത്. മിനിമം വേതനം കൊടുക്കുമെന്ന് ഇപ്പോൾതന്നെ പ്രഖ്യാപിച്ചു കഴിഞ്ഞാൽ അതിന്റെ നടപടി അവർ സ്വീകരിക്കും, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശയിൽ അതുണ്ട്. നല്ല ടേസ്റ്റുള്ള ചപ്പാത്തി, അതിമനോഹരമായ ചിക്കൻ കറി എത്ര കഴിച്ചാലും മതിവരുകയില്ല. വളരെ കോസ്റ്റ് ഇഫക്ടീവായി മാർക്കറ്റ് വിലയേക്കാൾ കുറച്ച് കിട്ടും. അവർക്ക് ഒരു മിനിമം വേതനം പ്രഖ്യാപിക്കുവാൻ പറ്റുമോ എന്നാണ് എന്റെ ചോദ്യം. ആശുപത്രികളുടെ സ്ഥിതി വളരെ ദയനീയമാണ്. 1973-ൽ മിച്ചഭൂമി സമരവുമായി ബന്ധപ്പെട്ട് ഞാൻ കണ്ണൂർ സെൻട്രൽ ജയിലിൽ 30 ദിവസം ഉണ്ടായിരുന്നു. അന്ന് ആശുപത്രിയിൽ പോയി

എല്ലാ സൗകര്യങ്ങളും കണ്ടു. ഇപ്പോൾ ഞാനും ശ്രീ. വി. ഡി. സതീശനും കൂടി ആശുപത്രിയിൽ പോയി നോക്കുമ്പോൾ ഒരു സൗകര്യവുമില്ല, മരുന്ന് അവിടെ കിട്ടുന്നില്ല. 500 രൂപയാണ് ഒരു ദിവസം നൽകുന്നത്. കൊളസ്ട്രോൾ, പ്രഷർ തുടങ്ങിയ മരുന്നുകൾക്ക് എത്ര രൂപയാണ് വർദ്ധിച്ചത്. അവിടെയുള്ള സൂപ്രണ്ടിന് പെർ ഡേ 500 രൂപ എന്നുള്ളത് 2500 രൂപയെങ്കിലും ഡ്രോ ചെയ്യാനുള്ള അനുവാദം കൊടുക്കണം. അങ്ങനെ ചെയ്താൽ ആ പാവം രോഗികൾക്ക് വലിയ രക്ഷ ആയിരിക്കും. ഈ രണ്ടു കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. എന്റെ ചോദ്യം, തടവുകാർക്ക് വോട്ടവകാശം നൽകുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിക്കാൻ ബഹുമാനപ്പെട്ട അങ്ങ് തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ മൂന്ന് കാര്യവും അനുഭാവപൂർവ്വം പരിഗണിക്കും. ഒന്ന്, ജയിലുള്ളവർക്ക് വോട്ടവകാശം. പ്രവാസിക്ക് വോട്ടവകാശം നൽകുമ്പോൾ ജയിലുള്ളവർക്ക് വോട്ടവകാശം നൽകുന്നതിൽ തെറ്റൊന്നുമില്ല, അതിനെപ്പറ്റി പരിശോധിക്കാം. രണ്ട്, മരുന്നുകൾക്കുവേണ്ടി സൂപ്രണ്ടിന് ഡ്രോ ചെയ്യാനുള്ള അധികാരം കൊടുക്കുന്നതാണ്, അതിനുള്ള നടപടി സ്വീകരിക്കാം. മൂന്നാമത്തെ കാര്യം, വേതനത്തിന്റെ കാര്യമാണ്, അത് പരിശോധിക്കണം.

തടവുകാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് പോസിറ്റീവായ സമീപനമാണ്. അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. വൈകാതെ അവരുടെ വേതന വർദ്ധനവ് നിലവിൽ വരാനുള്ള എല്ലാ നടപടികളും സ്വീകരിക്കും.